

# കുഴിക്കാട്ടുകോണം വിമലമാതാ ഇടവക

മാപ്രാണത്ത് നിന്നു വേർപെട്ട് മറ്റൊരിടവക ഇരിങ്ങാലക്കുട രൂപതയിലെ മാപ്രാണം ഇടവകാതിർത്തിയിൽ കുഴിക്കാട്ടുകോണം പ്രദേശത്ത് ഒരു ദേവാലയം വിമലമാതാ എന്ന പേരിൽ സ്ഥാപിതമായത് 1994 ആഗസ്റ്റ് 14-ാം തിയ്യതിയാണ്. നിർമ്മലമഠം കപ്ലോനായിരുന്ന റവ. ഫാ. ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ.യുടെ നേതൃത്വത്തിൽ ഇടവകാരംഭത്തിന് ജനങ്ങളുടെ അത്യുത്സാഹഫലമായി ഇടവക ദേവാലയത്തിനുവേണ്ടി സ്ഥലം കണ്ടെത്താൻ 1991 മുതൽ പരിശ്രമംതുടങ്ങി. മാപ്രാണം പള്ളിയിലെ ബഹു. വികാരിയച്ചന്മാരും സഹകരിച്ചിരുന്നു. ഉചിതമായ വേറെ സ്ഥലം ലഭിക്കാതിരുന്നതിനാൽ ജനങ്ങളുടെ ആവശ്യം പരിഗണിച്ച് നിർമ്മല കോൺവെന്റും അൽവേർണിയ പ്രൊവിൻസധികാരികളും പള്ളിക്കുവേണ്ടി സ്ഥലം നലൽകാൻ സന്നദ്ധരായി. അപ്രകാരം 1992 ഡിസംബർ 17-ന് ഓർഫനേജ് പറമ്പിന്റെ കിഴക്ക് ഭാഗത്ത് സർവേനമ്പർ 190-ൽ പെട്ട 75 സെന്റ് തീറുനൽകുകയും അവിടെ 9.5.1993-ൽ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ വിമലനാഥ പള്ളിയുടെ ശിലാസ്ഥാപനകർമ്മം നടത്തുകയും ചെയ്തു. ശ്രീ. മുരിങ്ങാത്തേരി ആൻഡ്രൂസ് മാസ്റ്ററുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ദേവാലയനിർമ്മാണത്തിന് നേതൃത്വം നല്കിയത്. 14.8.94-ൽ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ അന്ന് ദേവാലയ പ്രതിഷ്ഠ നടത്തി. ഒരു ഇടവകയായും റവ. ഫാ. ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ.യെ ആദ്യവികാരിയായും നിയമിച്ചു. ഇരിങ്ങാലക്കുടഫൊറോനയുടെ പരിധിയിലായിരുന്നു ഈ ഇടവക.

20 ലക്ഷം രൂപ ചെലവഴിച്ച് ദേവാലയവും അതിനോടനുബന്ധിച്ച് വൈദിക മന്ദിരവും സെമിത്തേരിയും പണികഴിപ്പിച്ചത് നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും വിശാലമനസ്സും അത്യദ്ധ്വാനവും കൊണ്ടാണ്. 1964 ആഗസ്റ്റ് 22-ാം തിയ്യതി ആരംഭിച്ച ക്ലാരിസ്റ്റ് സന്യാസിനിസഭയുടെ നിർമ്മല കോൺവെന്റും ഹോളി ഫാമിലി എൽ.പി. സ്ക്കൂളും പ്രസ്തുത മഠത്തിന്റെ ഓർഫനേജ് സാൻജോ ഭവനും ഈ ഇടവകയുടെ വളർച്ചയ്ക്ക് ഏറെ സഹായകമായിട്ടുണ്ട്.

പാരിഷ് ഹാളിന് പ്ലാനിട്ട് 20 സെന്റ് സ്ഥലം പള്ളിയുടെ നേരെ മുൻപിൽ സ്വന്തമാക്കി. നാനാജാതി മതസ്ഥരായ 469 വീട്ടുകാരുടെ മധ്യേയാണ് 90 ക്രൈസ്തവ കുടുംബങ്ങൾ വളരുന്നത്. പറപ്പൂക്കര ഫൊറോനാതിർത്തിയിലാണ് ഇപ്പോൾ ഈ ഇടവക. വിമലമാത യൂണിറ്റും, അൽഫോൻസ യൂണിറ്റും കുടുംബസമ്മേളനങ്ങൾക്ക് നേതൃത്വം നല്കുന്നു. വിവിധ സംഘടനകൾ സജീവമാണ്.

## കോൺവെന്റ്, സ്കൂൾ, ഓർഫനേജ്

ചൊവ്വൂർ പുല്ലോക്കാരൻ ഔസേപ്പ് എന്ന വ്യക്തി സ്കൂളിനായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് മാപ്രാണം വികാരി ബഹു. ജോസഫ് പറനിലം അച്ചന്റെ നേതൃത്വത്തിൽ സ്കൂൾ പണി ആരംഭിക്കുകയും ഹോളിഫാമിലി എന്ന നാമധേയം നല്കുകയും 1964 ജൂൺ 1-ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. മാപ്രാണം മഠത്തിൽ താമസിച്ചാണ് സിസ്റ്റേഴ്സ് ഇവിടെ വന്ന് പഠിപ്പിച്ചിരുന്നത്.



നിർമ്മല കോൺവെന്റ് & എൽ.പി. സ്കൂൾ

തുടർന്ന് ഇവിടെത്തന്നെ ക്ലാരമഠം സ്ഥാപിച്ച് എല്ലാനടപടികളും പൂർത്തിയാക്കിയശേഷം 1964 ആഗസ്റ്റ് 22 ശനിയാഴ്ച അഭിവന്ദ്യ പിതാവ് മാർ ജോർജ്ജ് ആലപ്പാട്ട് തിരുമനസുകൊണ്ട് വിമലമാതാവിന്റെ നാമധേയത്തിലുള്ള മഠത്തിന്റെയും സ്കൂളിന്റെയും വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിക്കുകയുണ്ടായി. സിസ്റ്റേഴ്സ് സ്ഥിരതാമസമാക്കുകയും ചെയ്തു. 1966 മുതൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും, 1968 മുതൽ എല്ലാദിവസങ്ങളിലും കുർബാനയ്ക്കുള്ള അനുവാദം ലഭിച്ചു. സാമ്പത്തിക ക്ലേശമനുഭവിക്കുന്ന വിദ്യാർത്ഥിനികൾക്കുവേണ്ടി 1976 ജൂലൈ 16-ന് സാൻജോഭവൻ എന്ന നാമധേയത്തിൽ ഒരു ഓർഫനേജ് ആരംഭിച്ചു. 20 കുട്ടികളോടുകൂടി ആരംഭിച്ച ഓർഫനേജിൽ ഇന്ന് 75-ഓളം ബാലികമാർ താമസിച്ചു പഠിക്കുന്നു.



സാൻജോ ഭവൻ



മാതാവിന്റെ സ്തൂപം
(പള്ളിക്ക് സമീപം)